# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6423

11.07.2012 -ൽ മറുപടിയ്ക്ക്

## ബേക്കറി വ്യവസായത്തിൽ അധിക നികുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാജു | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഞ്ച് ലക്ഷത്തിൽപ്പരം ആളുകളുടെ ഉപജീവന മാർഗ്ഗമായ ബേക്കറി വ്യവസായ മേഖലയിൽ എപ്രകാരമാണ് നികുതി ഈടാക്കുന്നത് ; | (എ) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിലെ ക്രമനമ്പർ ഏഴ് അനുസരിച്ച് 1999 ലെ ട്രേഡ് മാർക്സ് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യപ്പെടാത്ത ബേക്കറി ഉൽപ്പന്നങ്ങൾ, സ്വീറ്റ്സ്, കൺഫക്ഷനറി മറ്റു ഭക്ഷണ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ഇപ്പോൾ 5% ആണ് നികുതി നിരക്ക്. എന്നാൽ ട്രേഡ് മാർക്സ് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ നികുതി നിരക്ക് 13.5 ശതമാനമാണ്. ഇതു കൂടാതെ കേരളത്തിന്റെ തനത് ഭക്ഷ്യ ഉൽപ്പന്നമായ ഏത്തയ്ക്കാ വറ്റൽ, മരച്ചീനി വറ്റൽ, ചക്ക വറ്റൽ എന്നിവയുടെ നികുതി നിരക്ക് ബ്രാൻഡ് വ്യത്യാസം കൂടാതെ 5 ശതമാനമായി 01.04.2012 മുതൽ കുറവ് വരുത്തുകയുണ്ടായി. |
| (ബി) | ഈ മേഖലയിൽ 12.5 ശതമാനം വാറ്റ് ഏർപ്പെടുത്തിയതുമൂലം ഈ വ്യവസായം നശിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ബ്രാൻഡ് രജിസ്റ്റർ ചെയ്ത ബേക്കറി ഉല്പന്നങ്ങൾക്ക് 12.5 ശതമാനം (നിലവിൽ 13.5%) നികുതി ഏർപ്പെടുത്തിയത് ബേക്കറി മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു എന്ന് പ്രതിപാദിക്കുന്ന ബേക്കേഴ്സ് അസോസിയേഷൻ നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്രാൻഡ് നെയിം, ട്രേഡ് മാർക്സ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാതെ വില്ക്കുന്ന ബേക്കറിയുൽപ്പന്നങ്ങൾക്ക് അഞ്ച് ശതമാനം നിരക്ക്<br><br>(..........2) |

| | | | |
|---|---|---|---|
| | | | മാത്രമേ ഏർപ്പെടുത്തിയിട്ടുള്ളൂ. കൂടാതെ കേരളത്തിന്റെ തനത് ഭക്ഷ്യ ഉൽപ്പന്നങ്ങളായ ഏത്തയ്ക്കാ വറ്റൽ, മരച്ചീനി വറ്റൽ, ചക്ക വറ്റൽ തുടങ്ങിയവയ്ക്ക്, മൂല്യവർദ്ധിത ഭക്ഷ്യഉൽപന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനുവേണ്ടി ഇവയുടെ നികുതി നിരക്ക് 01.04.2012 മുതൽ അഞ്ച് ശതമാനമായി കുറവ് വരുത്തുകയുണ്ടായി. ബേക്കറി മേഖലയിൽ ചെറുകിട രംഗത്ത് പ്രവർത്തിക്കുന്ന വ്യാപാരികളെ സംബന്ധിച്ച് അവരുടെ വാർഷിക വിറ്റുവരവ് പത്ത് ലക്ഷം രൂപയിൽ കവിയാത്തതാണെങ്കിൽ നികുതി ബാധ്യതയിൽ നിന്നും ഒഴിവാകുകയും ചെയ്യുന്നു. മാത്രവുമല്ല സർക്കാർ നോട്ടിഫൈ ചെയ്യുന്ന ബ്രാൻഡ് നെയിമിൽ ഉല്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന കുടുംബശ്രീ ഉൽപ്പന്നങ്ങളെയും നികുതി വിമുക്തമാക്കിയിട്ടുണ്ട്. ഇക്കാരണങ്ങളാൽ നികുതി സംബന്ധമായി ബേക്കറി മേഖല തകർച്ച നേരിടുന്നുവെന്ന ആരോപണം അടിസ്ഥാന രഹിതമാണ്. |
| (സി) | ബ്രാൻഡ് രജിസ്റ്റർ ചെയ്ത ബേക്കറികളെ 4 ശതമാനത്തിനുപകരം 12.5 ശതമാനം അധിക നികുതി 2006 മുതൽ മുൻകാല പ്രാബല്യത്തിൽ നടപ്പിലാക്കി ഈടാക്കുവാനുള്ള നടപടികൾ ബഹുരാഷ്ട്ര കമ്പനികളെ സഹായിക്കാനാണെന്ന അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ നടപടി പിൻവലിക്കുമോ ? | (സി) | ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവരുടെ താത്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ട്രേഡ് മാർക്സ് നിയമ പ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തവർക്ക് ഉയർന്ന നികുതി നിരക്ക് ബാധകമാക്കിയിട്ടുള്ളത്. ട്രേഡ് മാർക്സ് നിയമപ്രകാരമല്ലാതെ ബ്രാൻഡ് നെയിമിൽ ബേക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നവർക്ക് അഞ്ച് ശതമാനം നിരക്ക് മാത്രമേ ബാധകമായിട്ടുള്ളൂ. ബഹുരാഷ്ട്ര കുത്തകകളോട് മത്സരിക്കുന്നതിനു വേണ്ടിയാണ് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ട്രേഡ് മാർക്ക് രജിസ്ട്രേഷൻ എടുത്ത് ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം നടത്തുന്നത്. അതിനാൽ ഇത്തരം യൂണിറ്റുകളെ സഹായിക്കുമ്പോൾ നികുതി ഘടനയിൽ മാറ്റം വരുത്തുന്നത് അഭികാമ്യമല്ല. കൂടാതെ ഈ വിഭാഗ<br>(............3) |

| | | | |
|---|---|---|---|
| | | | ക്കാർക്ക് നികുതി നിരക്കിൽ കുറവ് വരുത്തുകയാണെങ്കിൽ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കും കുറഞ്ഞ നിരക്ക് നൽകേണ്ട സാഹചര്യം സംജാതമാകും. ഇത് റവന്യൂ വരുമാനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. മാത്രവുമല്ല കേരളത്തിനകത്ത് ട്രേഡ് മാർക്ക് രജിസ്ട്രേഷനെടുത്ത് ബ്രാൻഡ് നെയിമിൽ വിപണനം നടത്തുന്നവർക്ക് മാത്രമായി നികുതി നിരക്ക് കുറയ്ക്കുക എന്നത് ഭരണഘടനാ വിരുദ്ധവുമായിരിക്കും.<br>01.04.2005 മുതൽ 1999 ലെ ട്രേഡ് മാർക്ക് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യപ്പെടാത്ത ബേക്കറി ഉൽപ്പന്നങ്ങൾ സ്വീറ്റ്സ്, കൺഫെക്ഷനറി, മറ്റു ഭക്ഷണ ഉൽപ്പന്നങ്ങൾ എന്നിവയെ കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലുൾപ്പെടാത്തവർക്ക് നിലവിലെ 13.5% നിരക്കാണ് ബാധകമാവുക. ഈ മേഖലയിൽ നിലവിൽ നിരക്ക് വർദ്ധന നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ